File No.GEDN-G1/25/2017-G.EDN

80011

**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്-9-ാം ക്ലാസ്സിൽ തോൽക്കുന്ന കുട്ടികൾക്ക് 'സേ' പരീക്ഷ നടത്താൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(കൈ) നം./133/2017/പൊ.വി.വ** തീയതി,തിരുവനന്തപുരം, 28/10/2017

പരാമർശം:- (1) കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 05.11.2016 ലെ സി ആർ എം പി നമ്പർ 1554/14/എൽ എ2/2015/കെ ഇ എസ് സി പി സി ആർ ഉത്തരവ്

(2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24.10.2017 ലെ ക്യൂ ഐ പി1/41368/2016/ഡി പി ഐ നമ്പർ കത്ത്

QIP 1

**ഉത്തരവ്**

9-ാം ക്ലാസ്സിൽ തോൽക്കുന്ന കുട്ടികൾക്ക് 'സേ' പരീക്ഷ നടത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 9-ാം ക്ലാസ്സിൽ തോറ്റ വിദ്യാർത്ഥികൾക്കും മെയ് മാസത്തിൽ 'സേ' പരീക്ഷ നടത്തി ജൂൺ ആദ്യവാരം തന്നെ അർഹതപ്പെട്ടവർക്ക് 10-ാം ക്ലാസ്സിലേക്ക് പ്രൊമോഷൻ നൽകുന്നത് ഉചിതമായിരിക്കുമെന്ന് പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 9-ാം ക്ലാസ്സിൽ തോൽക്കുന്ന കുട്ടികൾക്കും 'സേ' പരീക്ഷ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ഗോപാലകൃഷ്ണ ഭട്ട്**

**സ്പെഷ്യൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ഐ.റ്റി@സ്കൂൾ (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ